**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രജീവിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>ശ്രീ . കാരാട്ട് റസാഖ് ,<br>ശ്രീ.ഡി.കെ.മുരളി** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനും ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽ രഹിത പട്ടികവർഗ്ഗ യുവതീയുവാക്കളെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങി പ്രധാനമായി 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ നൽകി വരുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് തൊഴിൽ നൈപുണ്യപരിശീലനം നൽകി സ്വയംതൊഴിൽ നേടുന്നതിന് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുന്നത്; | (ബി) | ഗോത്രജീവിക പദ്ധതി പ്രകാരം യുവതീയുവാക്കളെ പ്രധാനമായും കെട്ടിട നിർമ്മാണത്തിലാണ് പരിശീലനം നൽകിയത്. ഇതോടൊപ്പം കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, കാർപ്പന്ററി, വയറിംഗ്, പ്ലംബിംഗ്, പെയിന്റിംഗ്, ടൈലിംഗ്, ഡ്രൈവിംഗ് എന്നീ ജോലികളിൽ പരിശീലനം നൽകിയിരുന്നു. പരിശീലനം ലഭിച്ചവർ അതാത് പ്രദേശത്തെ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലെടുത്ത് സ്ഥിരവരുമാനം നേടുന്നുണ്ട്. |
| (സി) | ഈ പദ്ധതിക്കായി എത്ര തുക സർക്കാർ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ? | (സി) | രണ്ട് ഘട്ടങ്ങളിലായാണ് ഗോത്രജീവിക പദ്ധതി പ്രകാരം പരിശീലനം നൽകിയത്. ഒന്നാംഘട്ടത്തിൽ 3.33 കോടി രൂപ ചെലവഴിച്ച് 1170 പേർക്ക് പരിശീലനം നൽകുകയും, രണ്ടാം ഘട്ടമായി 2020-21 വർഷത്തിൽ 4.00 കോടി രൂപ ചെലവഴിച്ച് 1050 പേർക്ക് പരിശീലനം നൽകുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ